പ്രധാന ആവശ്യങ്ങൾ. വികലാംഗരിൽനിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ എന്നിവയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുകയും അവയിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഒഴിവുള്ള വികലാംഗ തസ്തികകളിൽ അർഹരായവരെ നിയമിക്കുന്നതിന് നടപടി

32 [2169] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ പോസ്റ്റിംഗ് നടത്താതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സർവ്വീസിൽ വികലാംഗർക്കായി എത്ര ശതമാനം സംവരണം നൽകിയിട്ടുണ്ട്; ഈ സംവരണം പാലിക്കാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) സംസ്ഥാന സർവ്വീസിൽ ഒഴിവുള്ള വികലാംഗ തസ്തികകളിൽ അർഹരായവരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ സർവ്വീസിൽ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിൽ 3% സംവരണം നൽകിയിട്ടുണ്ട്. പ്രസ്തുത സംവരണം പാലിക്കാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമനം നടത്തി വരുന്നുണ്ട്.

അവശരായ മുതിർന്ന പൗരൻമാരുടെ ക്ഷേമ പരിചരണ ചെലവുകൾ ബന്ധുക്കളിൽനിന്ന് ഈടാക്കാൻ വ്യവസ്ഥ

33 [2170] ശ്രീ. കെ. സി. ജോസഫ്:
,, എം. കെ. പ്രാൻസിസ് മാസ്റ്റർ:
,, വി. ജെ. പൗലോസ്:
,, കെ. മുഹമ്മദാലി:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അവശരായ മുതിർന്ന പൗരൻമാരെ പരിചരിക്കുവാനും ക്ഷേമം കൊടുക്കുവാനുമുള്ള ഉത്തരവാദിത്വത്തിൽ നിന്നൊഴിയുന്നതിനായി അവരെ ബന്ധുക്കൾ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജനറൽ ആശുപത്രികളിലും ആക്കിയശേഷം അപ്രത്യക്ഷരാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണതയ്ക്ക് ഏപ്രകാരം പരിഹാരമുണ്ടാക്കാമെന്നു കരുതുന്നു;

LIBRARY ARCHIVES Kerala Legislative Assembly